# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഒക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ ഇ.കെ എം(പി2)991 /21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/09/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ ഇ.കെ എം(പി2)991 /21 തീയ്യതി: 03/09/2021

## എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനോദ് കെ കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 16-07-2021 |
| ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ഷേർളി ജോസഫ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.സന്തോഷ കുമാർ കെ വി, അസിസ്റ്റന്റ ഓഡിറ്റ ഓഫീസർ
3.പ്രസാദ് പി ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5.സറീന പി എ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രമ ബാബു | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീ മനോജ് തോട്ടപ്പിള്ളി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി ദീപാകുമാരി എം കെ | സെക്രട്ടറി | 01-04-2020 | 05-06-2020 |
| | | 20-06-2020 | 14-08-2020 |
| | | 27-08-2020 | 29-10-2020 |
| | | 10-11-2020 | 01-03-2021 |
| ശ്രീമതി ജിജി ബി, അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-06-2020 | 19-06-2020 |
| | | 15-08-2020 | 26-08-2020 |
| | | 30-10-2020 | 01-11-2020 |
| | | 02-03-2021 | 10-03-2021 |
| | | 25-03-2021 | 31-03-2021 |
| ശ്രീ.സുധീഷ്കുമാർ സി കെ, ജൂനിയർ സൂപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2020 | 09-11-2020 |
| | | 11-03-2021 | 24-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിജി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി മഞ്ജു കെ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അമീര ബീഗം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശൈലേഷ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ഗൗരികൃപ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2020 | 20-05-2020 |
| ഡോ.സിന്ധു കെ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 21-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.ഡയാനമോൾ പി വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 19-01-2021 |
| ഡോ.ജോർജ് വർഗീസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 20-01-2021 | 31-03-2021 |
| ഡോ. സുശീല ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-05-2020 |
| ഡോ.പി കെ ലത | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-06-2020 | 30-11-2020 |
| ഡോ.അലീന സി ജോസഫ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-12-2020 | 10-02-2021 |
| ഡോ.ക്രിസ്റ്റി ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 11-02-2021 | 31-03-2021 |
| ശ്രീമതി.ജയശ്രീ | ഹെഡ്മിസ്ട്രസ്,ജി എൽ പി എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി സിജി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 21-06-2020 |
| ശ്രീമതി ദിവ്യ എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 22-06-2020 | 31-03-2021 |
| ശ്രീമതി സൂര്യ പി സി | വി ഇ ഒ | 01-04-2020 | 21-07-2020 |
| | | 21-08-2020 | 09-03-2021 |
| ശ്രീമതി പ്രമീള സി പി | വി ഇ ഒ | 22-07-2020 | 20-08-2020 |
| രമേഷ്കുമാർ സി ജി | വി ഇ ഒ | 10-03-2021 | 31-03-2021 |

1)01.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് ഭരണനിർവ്വഹണം 2) പെരുമ്പാവൂർ സർക്കിളിലെ വി ഇ ഒ- ക്കാണ് ഒക്കൽ സർക്കിളിന്റേയും ചാർജ്

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sherly Joseph (Audit Officer (HG), On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-3 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Senior Grade Auditor, On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-5 |
| 6 | പദ്ധതി അവലോകനം<br>Written By: Shaiby.E.D (Senior Grade Auditor, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiby.E.D (Senior Grade Auditor, On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-7 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sareena .P.A (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-10 |
| 11 | കമ്മിറ്റി യോഗങ്ങൾ<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-11 |
| 12 | സ്റ്റിയറിംഗ് കമ്മിറ്റി<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-11-1 |
| 13 | വർക്കിംഗ് ഗ്രൂപ്പ്<br>Written By: Sherly Joseph (Audit Officer (HG), On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-11-2 |
| 14 | വിവരാവകാശനിയമം<br>Written By: Sherly Joseph (Audit Officer (HG), On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-12 |
| 15 | സേവനാവകാശം<br>Written By: Sherly Joseph (Audit Officer (HG), On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-12-1 |
| 16 | പൗരാവകാശ രേഖ<br>Written By: Sherly Joseph (Audit Officer (HG), On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-12-2 |
| 17 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-13 |
| 18 | തൊഴിൽ നികുതി അപാകതകൾ<br>Written By: Sareena .P.A (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-14 |

| | | |
|---|---|---|
| 19 | ക്ഷേമ പെൻഷൻ -ഒന്നിലധികം പെൻഷൻ കൈപ്പറ്റി<br>Written By: Sareena .P.A (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-15 |
| 20 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടില്ല.<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-16 |
| 21 | പാലിന് സബ്സിഡി-വകയിരുത്തുന്ന തുക അപര്യാപ്തം<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-17 |
| 22 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-18 |
| 23 | അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-19 |
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി<br>Written By: Shaiby.E.D (Senior Grade Auditor, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-20 |
| 25 | മരുന്ന് ലഭ്യമായില്ല<br>Written By: Shaiby.E.D (Senior Grade Auditor, On 27-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-21 |
| 26 | വെറ്ററനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - പൂർത്തീകരണം സംബന്ധിച്ച തെളിവുകൾ ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 28-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 1-22 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് നഷ്ടം 1350/ രൂപ<br>Written By: Sareena .P.A (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaiby.E.D (Senior Grade Auditor, On 21-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 18-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaiby.E.D (Senior Grade Auditor, On 26-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Senior Grade Auditor, On 24-07-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 16-08-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 17-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Senior Grade Auditor, On 25-07-2021)<br>Last Updated By: Bindu L (Computer Assistant, On 16-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Senior Grade Auditor, On 29-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Senior Grade Auditor, On 17-07-2021)<br>Last Updated By: Bindu L (Computer Assistant, On 27-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 27.03.2020ലെ 1(1)നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23.03.2020 തീയതിയിലാണ് ബജററ് തയ്യാറാക്കി അംഗീകരിച്ചത്. സ്ഥാപനത്തിന്റെ 2020-21ലെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16.02.2021 ലെ 2(1) തീരുമാന പ്രകാരവും ഭരണസമിതി17.02 .2021 ലെ 1(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഫയൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബജറ്റ് നിർദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല

2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | ബജറ്റ്(റിവൈസ്ഡ്) | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| മുന്നിരിപ്പ് | 1177270.00 | 2357520.00 | 14690165.00 |
| വരവ് | 205968800.00 | 205768800.00 | 71768695.00 |
| ആകെ | 207146070.00 | 208126320.00 | 86458860.00 |
| ചെലവ് | 204879140.00 | 200090140.00 | 73647470.00 |
| നീക്കിയിരിപ്പ് | 2266930.00 | 8036180.00 | 12811390.00 |

ബജറ്റ്, ബജറ്റ്(റിവൈസ്ഡ്), യഥാർത്ഥ വരവ് ചെലവ് എന്നിവ താരതമ്യം ചെയ്യുന്നതിൽ നിന്നും ബജറ്റും റിവൈസ്ഡ്ബജറ്റും യഥാർത്ഥ വരവ് ചെലവിൽനിന്നും വളരെയധികം വ്യതാസപ്പെട്ടിരിക്കുന്നതായി കാണാം. ബജറ്റ് തയ്യാറാക്കുന്നതിൽ യാഥാർത്ഥ്യ ബോധത്തോടു കൂടിയുള്ള അവലോകനം ഉണ്ടായിട്ടില്ല എന്ന് ഇത് വ്യക്തമാക്കുന്നു.

ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായും തുടർ നടപടികൾക്കും അവലോകനം നടത്തുന്നതുമായും ബന്ധപ്പട്ട് വിവരങ്ങൾ അടങ്ങുന്ന കൃത്യമായ ഫയൽ സൂക്ഷിക്കുന്നില്ല.

2. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി കാണുന്നില്ല.

4. ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായ് പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

5. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം സാധ്യമാകുന്നില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതായി കാണുന്നില്ല.

ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും കൃത്യമായ ഫയൽ സൂക്ഷിക്കേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 25.06.2021 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18,78,775/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 52,44,532/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

4) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 57,565/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 39,568/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ഡിമാന്റിൽ വ്യത്യാസം വന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കി വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല.

5) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം ഒക്കൽ സർവീസ് സഹകരണ ബാങ്ക്, ചേരാനല്ലൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിങ്ങനെ മൂന്ന് അക്കൗണ്ടുകളിലായാണ് നിക്ഷേപിക്കുന്നത്.

6) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. എല്ലാ ആസ്തികൾക്കും കറസ്പോണ്ടിംഗ് ഡിപ്രിസിയേഷൻ ഹെഡ് സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാലാണ് ഇതെന്നാണ് പഞ്ചായത്ത് വിശദീകരിച്ചത്.

7) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 6,22,390/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 12,90,336/- രൂപ നീക്കിയിരിപ്പുണ്ട്. ജോയിന്റ് വെഞ്ചറിനുള്ള കുറെ തുക തനത് ഫണ്ട് അക്കൗണ്ടിലും സൂക്ഷിച്ചിട്ടുള്ളതിനാലാണ് ഈ വ്യത്യാസം എന്ന് ഇത് സംബന്ധിച്ച് നൽകിയ 27.07.2021 ലെ 5ാം നമ്പർ എൻക്വയറിക്ക് മറുപടി നൽകിയത്.

8) ദുരിതാശ്വാസനിധി അക്കൗണ്ടിൽ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 25,714/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -2 പ്രകാരം 35,714/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ദുരിതാശ്വാസനിധിയിലെ വരവ് 10,000/- രൂപ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഈ തുക ക്രമീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്.

9) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14690165 |
| വരവ് | 71768695 |
| ആകെ | 86458860 |
| ചെലവ് | 73647470 |
| നീക്കിയിരിപ്പ് | 12811390 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി. ആർ പ്രകാരം) | നീക്കി ബാക്കി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18253094 | 18253094 | 17547013 | 706081 |
| വികസന ഫണ്ട് | 0 | 3852373 | 3852373 | 1795643 | 2056730 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി.) | | | | | | |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 0 | 78000 | 78000 | 39000 | 39000 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 0 | 8106000 | 8106000 | 7119629 | 986371 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 0 | 3551710 | 3551710 | 2336989 | 329724 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 11780545 | 11780545 | 4742346 | 7038199 |
| | | 0 | 4840000 | 4840000 | 1506880 | 3333120 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഖരമാലിന്യ സംസ്കരണം | | 1000000 | 0 | 1000000 | 0 | 1000000 |
| ഐ.സി.ഡി.എസ് | | 1869170 | 734388 | 2603558 | 1664664 | 938894 |
| എം ജി എൻ ആർ ഇ ജി എസ് | ഭരണച്ചെലവ് | 16282 | 1200272 | 1216554 | 1187552 | 29002 |
| | വേതനം | | 26821355 | 26821355 | 26821355 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് പദ്ധതി | | 680000 | 500000 | 1180000 | 680000 | 500000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 265 | 120801028 | 171 | 57894558 | 18 | 76 | 64.5% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16282 | 1200272 | 1216554 | 1187552 | 29002 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 26821355 | 26821355 | 26821355 | -- |
| ആകെ | 16282 | 28021627 | 28037909 | 28008907 | 29002 |

കുറിപ്പ്- കൂടാതെ 100 ദിവസം പ്രവൃത്തി ചെയ്തവർക്കുള്ള ബത്തയായി 30,000/-രൂപ സംസ്ഥാനഫണ്ട് വരവും ചെലവും 2019-20 വർഷം ഉണ്ട്.കൂടാതെ 1000/-രൂപ തിരികെ വന്നതും വരവ്-ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 4302800 | 289 |
| വിധവാപെൻഷൻ | 12545100 | 863 |
| വാർദ്ധക്യകാല പെൻഷൻ | 32701200 | 2375 |
| വികലാംഗ പെൻഷൻ | 4682600 | 306 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 784400 | 312 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30000 | 1 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2021 ന് അക്കൌണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6318/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.10.2020 | 01.02.2020 മുതൽ 30.09.2020 വരെ | 07.10.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.03.2018-04.04.2018 | 2016-17 | 18.05.2018 |

## 1-11 കമ്മിറ്റി യോഗങ്ങൾ

ജനറൽ കമ്മിറ്റിയും സ്റ്റാൻഡിംഗ് കമ്മിറ്റികളും നിയമാനസൃത ഇടവേളകളിൽ യോഗം ചേർന്ന് മിനിട്സ് രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

## 1-11-1 സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക എന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചുമതല. എന്നാൽ നീണ്ട ഇടവേളകൾക്കിടയിലാണ് സ്റ്റിയറിംഗ് കമ്മിറ്റികൾ യോഗം ചേരുന്നതെന്ന് മിനിട്സ് ബുക്ക് വ്യക്തമാക്കുന്നു. 2019-20 വർഷം ഒരു തവണ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. 2020-21 ൽ നാലു തവണ യോഗം ചേർന്നിട്ടുണ്ട്. ജനറൽ കമ്മിറ്റി ചേരുന്നതിനു മുമ്പ് സ്റ്റിയറിംഗ് കമ്മിറ്റി ചേർന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്താൽ ജനറൽ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ കൂടുതൽ സുഗമമാകും. സ്റ്റിയറിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്.

## 1-11-2 വർക്കിംഗ് ഗ്രൂപ്പ്

പൊതുജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ നൽകുക, ജനപങ്കാളിത്തം ഉറപ്പാക്കുക, ചുമതലപ്പെട്ട മേഖലകളിലെ പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക, വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും അപഗ്രഥിക്കുകയും ചെയ്യുക, അവസ്ഥാരേഖ യഥാസമയം തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് സമർപ്പിക്കുക, നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. മിനിട്ട്സ് പരിശോധിച്ചതിൽ പല വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം നാമമാത്രമാണെന്ന് കാണുന്നു. പല മേഖലകളിലും ചർച്ചകളും നിർദ്ദേശങ്ങളും തീരുമാനങ്ങളും മിനിട്ട്സിൽ രേഖപ്പെടുത്തി മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. 04.01.2020 ൽ ചേർന്ന 20-21 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ മൃഗസംരക്ഷണവും ക്ഷീരവികസനവും, പൊതുഭരണവും ധനകാര്യവും എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് എഴുതി കൺവീനർ ഒപ്പുവച്ച് സൂക്ഷിച്ചിട്ടില്ല. ദാരിദ്ര്യ ലഘൂകരണം, ആരോഗ്യം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് എഴുതിയിട്ടുണ്ടെങ്കിലും കൺവീനർ ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

## 1-12 വിവരാവകാശനിയമം

വിവരാവകാശനിയമപ്രകാരമുള്ള വിവരം ലഭ്യമാക്കുന്നതിന് തൻവർഷം 65 അപേക്ഷകൾ പഞ്ചായത്തിൽ ലഭിച്ചു. ലഭിച്ച അപേക്ഷകൾക്കെല്ലാം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ആവശ്യമായ മറുപടി നൽകിയിട്ടുണ്ട്.

## 1-12-1 സേവനാവകാശം

സേവനാവകാശ നിയമമനുസരിച്ച് പഞ്ചായത്തിൽ നിന്ന് നൽകുന്ന സേവനങ്ങളെക്കുറിച്ചും സമയപരിധി സംബന്ധിച്ചും ഉള്ള വ്യക്തമായ അറിയിപ്പ് ഫ്രണ്ട് ഓഫീസിൽ സജ്ജമാക്കിയിട്ടുള്ള നോട്ടീസ് ബോർഡിൽ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ രേഖകൾ പരിശോധിച്ചതിൽ പൗരാവകാശ രേഖയിൽ പരസ്യപ്പെടുത്തിയിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതായി കാണുന്നു.

## 1-12-2 പൗരാവകാശ രേഖ

1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നെങ്കിലും പൗരൻമാർക്കുള്ള അവകാശങ്ങൾ എന്ന 272 എ വകുപ്പ് നിയമത്തിൽ ഉൾപ്പെടുത്തിയത് 1999-ലെ 13-ാം ഭേദഗതിയിലൂടെയാണ്. ഒരു പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, അവയുടെ വ്യവസ്ഥകൾ, അവ ലഭിക്കുന്ന സമയപരിധി എന്നിവ ജനങ്ങൾക്കു വെളിപ്പെടുത്തുന്ന നിയമ സമീപന സേവനാവകാശരേഖയാണ് പൗരാവകാശ രേഖ

പുതിയ ഭരണസമിതി അധികാരത്തിൽ വന്നാൽ ആറുമാസത്തിനകം പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന പ്രധാനപ്പെട്ട പരാമർശങ്ങൾ നാളിതുവരെ തീർപ്പാകാതെ നിലനിൽക്കുന്നതായി കാണുന്നു.

1. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക3-3 ൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച 1,60,000/- രൂപ ശുചിത്വമിഷനിൽ നിന്ന് തിരികെ തുക ലഭ്യമാക്കി അറിയിക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും തുക തിരികെ ഈടാക്കിയതായി കാണുന്നില്ല.

2. 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-5 പ്രകാരം വിവിധ ഇനങ്ങളിലെ ലേലക്കുടിശിക ഈടാക്കാതെ അവശേഷിക്കുന്നുണ്ട്. പരസ്യനികുതിയിനത്തിൽ 22,500/- രൂപ, മത്സ്യകൃഷിയിനത്തിൽ 8000/-രൂപ, ഫലവൃക്ഷത്തിൽ നിന്നുള്ള ആദായമിനത്തിൽ 6850/- രൂപ എന്നിങ്ങനെ പഞ്ചായത്തിന് ഇനിയും ലഭിക്കുവാനുള്ള തുകകളൊന്നും തന്നെ നിലവിലും പിരിച്ചെടുത്തിട്ടില്ല.

3. മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് വാറ്റ്, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ അടവാക്കിയതായി കാണുന്നില്ലാത്തതിനാൽ അടവാക്കുവാനുള്ള തുകകൾ ഏതെല്ലാമാണെന്ന് കണ്ടെത്തി എത്രയും വേഗം പ്രസ്തുത തുകകൾ അടവാക്കുവാനും വിവരം ഓഡിറ്റിൽ ലഭ്യമാക്കുവാനും 2017-18 റിപ്പോർട്ട് ഖണ്ഡിക 3-2 ൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

4. 2017-18 റിപ്പോർട്ടിലെ ഖണ്ഡിക നം.3-13 ൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി കെ.എസ്.ഇ.ബിക്ക് 8,00,000/- രൂപ നല്കിയെങ്കിലും മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ലെന്ന് പരാമർശിച്ചിരുന്നു. നിലവിലും മീറ്ററിംഗ് പൂർത്തിയായിട്ടില്ല.

5. വെള്ളക്കരമിനത്തിൽ - ഭീമമായ കുടിശ്ശിക നിലനിൽക്കുന്നതിനാൽ ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നെങ്കിലും കുടിശിക തീർപ്പാക്കാൻ പ്രായോഗിക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

6. 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 1-27 ൽ സമ്പൂർണ്ണ ഊർജ്ജാസൂത്രണം പൈലറ്റ് പ്രോജക്ടിനായി 3.5 ലക്ഷം രൂപ അനർട്ടിന് നൽകിയെങ്കിലും, പ്രോജക്ട് നടപ്പിലായില്ലെന്നും പദ്ധതിയുടെ നിലവിലെ അവസ്ഥ, നടപ്പിലാക്കാതിരുന്നതിന്റെ കാരണങ്ങൾ എന്നിവ അനർട്ടിൽ നിന്ന് ലഭ്യമാക്കി പദ്ധതി ഉപേക്ഷിച്ചെങ്കിൽ ഇതിനായി അനർട്ടിന് നൽകിയ തുക തിരികെ ലഭിക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണെന്ന് പരാമർശിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തീർപ്പായിട്ടില്ല.

പഞ്ചായത്തിലെ വാർഡ് 8 ൽ ആന്റോപുരം പള്ളിക്ക് സമീപം പെരിയാർ വാലി കനാലിന് കുറുകെയുള്ള പാലം അതീവ ഗുരുതരാവസ്ഥയിലാണെന്ന പരാതി സംബന്ധിച്ച് 2018-19 വർഷത്തെ റിപ്പോർട്ട് ഖണ്ഡിക 1-15 ൽ പരാമർശിച്ചിരുന്നു. ഈ വിഷയം പഞ്ചായത്ത് ഗൗരവമായെടുത്ത് പുതിയ പാലം പണി തീർത്തതായി അറിയിച്ചിട്ടുണ്ട്.

2004-05 മുതൽ 2018-19 വരെയുള്ള വിവിധ വർഷങ്ങളിലെ ആകെ 13 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്. ഈ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204,205 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിൽ തൊഴിൽനികുതി ഈടാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

1. ഗവ.ആയുർവ്വേദ ഡിസ്പെൻസറി

| ക്രമ. നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ നികുതി | ഈടാ ക്കേണ്ടത് | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| 1 | ശരണ്യദേവി. സി.എസ് | 35400 | 11 | 120 | 300 | 180 | 120010101175/ 25.08.2020 |
| ആകെ | | | | | | 180 | |

1.നാപ്കോ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്

| ക്രമ നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ നികുതി | ഈടാ ക്കേണ്ടത് | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| 1 | അരവിന്ദൻ | 57000 | 1 | 180 | 450 | 270 | 120010101241/ 4.9.2020 |
| 2 | ഫൈസൽ | 48000 | 1 | 180 | 450 | 270 | ,, |
| 3 | പ്രകാശൻ | 45000 | 1 | 180 | 450 | 270 | ,, |
| 4 | ഫയാസ് | 42000 | 1 | 180 | 300 | 120 | ,, |
| 5 | സെലീന | 36000 | 1 | 180 | 300 | 120 | ,, |
| 6 | മേരി | 36000 | 1 | 180 | 300 | 120 | ,, |
| | ആകെ | | | | | 1170 | |

11.താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. നാപ്കോ പ്ളാസ്റ്റിക് ഇൻഡസ്ട്രീസ്

2. മില്ലേനിയം സൂപ്പർ മാർക്കറ്റ്

3. മാർവെൽ എൻകോം ടെക്പ്രൈ.ലിമിറ്റഡ്

4. ആയുർവ്വേദ മെഡിക്കൽ സ്റ്റോർ

5. മെറിസ് ഫ്രേസൺ ഫുഡ് പ്രൈ.ലിമിറ്റഡ്

111. പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, ക്ഷീരോല്പ്പാദക സഹകരണസംഘങ്ങൾ, റേഷൻ കടകൾ എന്നിവിടങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എന്ക്വയറി നം (3/26.07.2021 )ന് മറുപടി ലഭ്യമാക്കിയിട്ടില്ല

തൊഴിൽ നികുതി ഈടാക്കാത്ത മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയും

തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ തുക അടവാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ക്ഷേമ പെൻഷൻ -ഒന്നിലധികം പെൻഷൻ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സും പരിശോധിച്ചതിൽ പെൻഷൻ വിതരണത്തിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.
10.03.2021 ൽ ചേർന്ന ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനം നം.(1) പ്രകാരം ശ്രീമതി. ശാന്താകുമാരി. കെ, മാടംപള്ളി വീട്, ഓണംപള്ളി, ഒരേ സമയം മൂന്ന പെൻഷൻ കൈപ്പറ്റി. ഇത്തരത്തിൽ 24,300/-രൂപ അധികം കൈപ്പറ്റിയിട്ടുണ്ട്. (ഐ.ഡി.106480600793)
ഇത് സംബന്ധിച്ച് നൽകിയ നൽകിയ 28.07.2021 ലെ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികം കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. തുക തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ് ടോപ്പ് - പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

പ്രോജക്റ്റ് നമ്പർ 139/2020-2021

ആകെ ചെലവ് 56330/- രൂപ (എസ്. സി. പി.)

മേൽ പദ്ധതി പ്രകാരം രണ്ട് ലാപ്ടോപ്പുകൾക്കുള്ള തുകയായ 56,330/- രൂപ കെൽട്രോണിന് 3-3-2021ൽ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ല. ലാപ്ടോപ്പുകൾ എത്രയും വേഗം ലഭ്യമാക്കി ഗുണഭോക്താക്കളായ വിദ്യാർഥികൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പാലിന് സബ്സിഡി-വകയിരുത്തുന്ന തുക അപര്യാപ്തം

| | |
|---|---|
| പ്രോജക്ട് നം. | S85/21 |
| പ്രോജക്ടിന്റെ പേര് | ക്ഷീരസഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| അടങ്കൽ | 416000/-(350000/- വികസന ഫണ്ട് ജനറൽ, 66000/- ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 416,000/- |
| ബിൽ നമ്പർ | 1) 2/20-21 തീയതി 05.03.2021 തുക 350,000/-<br>2) 3/20-21 തീയതി 05.03.2021 തുക 66,000/- - |

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ ജി ഒ (എം എസ്) 11/2018 തസ്വഭവ തീയതി 29.01.2018 ഉത്തരവിലെ ഖണ്ഡിക നം.7.2 പ്രകാരം പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടേണ്ടതിലേക്ക് മുഖ്യതൊഴിലായോ ഉപതൊഴിലായോ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻഗണന നൽകേണ്ടതാണ്.

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ടിൽ പഞ്ചായത്തിലെ നാല് ക്ഷീരസഹകരണ സംഘങ്ങളിലായി പാൽ വിതരണം ചെയ്യുന്ന കർഷകർക്ക് സബ്സിഡി നൽകുകയാണ് ചെയ്തിട്ടുള്ളത്. സർക്കാർ മാർഗ്ഗരേഖ പ്രകാരം കർഷകന് വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ഒരു വർഷം പരമാവധി 40,000/- രൂപയിൽ നിജപ്പെടുത്തി ഒരു ലിറ്ററിന് നാല് രൂപ സബ്സിഡി അനുവദനീയമാണ്. 2020-21 വർഷത്തേക്ക് താഴെപ്പറയും വിധമാണ് പഞ്ചായത്ത് സബ്സിഡി വിതരണം ചെയ്തിരിക്കുന്നത്.

| മാസം | 1ലിറ്ററിന് നൽകിയ സബ്സിഡി തുക |
|---|---|
| മെയ് 2020 | 2/- രൂപ |
| ജൂൺ 2020 | 4/- രൂപ |
| ജൂലൈ 2020 | 1.51/- രൂപ |
| ആഗസ്റ്റ് 2020 | 1.55/- രൂപ |

2020-21 – ൽ വകുപ്പിൽ നിന്ന് ആനുകൂല്യം ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകിയ ആനുകൂല്യത്തിന് പുറമെ ബ്ലോക്ക്പഞ്ചായത്ത് 2,00,000/- രൂപ വിതരണം ചെയ്തിട്ടുണ്ടെങ്കിലും വകയിരുത്തിയ തുക ഉപയോഗിച്ച് ആകെ നാല് മാസങ്ങളിൽ മാത്രമാണ് ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. അതിൽ തന്നെ ജൂൺ മാസം മാത്രമാണ് അർഹമായ നിരക്കിൽ സബ്സിഡി തുക വിതരണം ചെയ്യാൻ സാധിച്ചിട്ടുള്ളത്. ക്ഷീരകർഷകർ നിരവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന ഇക്കാലത്ത് സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡിയെങ്കിലും ലഭ്യമാക്കാൻ ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-18 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

വളം വിതരണം

ജൈവവളം വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഉദാഹരണം. വാഴകൃഷി വികസനം(പ്രൊജക്റ്റ് നമ്പർ 32), ജാതികൃഷി വികസനം(പ്രൊജക്റ്റ് നമ്പർ 40), തെങ്ങ്കൃഷി വികസനം (പ്രൊജക്റ്റ്

നമ്പർ 43). പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട തുക നിർവ്വഹണോദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് കൈമാറുന്ന ട്രഷറി പ്രോസീഡിംഗ്സ് മാത്രമാണ് ഇത് സംബന്ധിച്ച് ഹാജരാക്കിയിട്ടുള്ളത്. വളം വാങ്ങിയത് സംബന്ധിച്ച രേഖകൾ ഇല്ല. ഭാവിയിൽ സമാനമായ പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ ഗുണഭോക്താക്കൾ നേരിട്ടാണ് വളം വാങ്ങിയിട്ടുള്ളതെങ്കിൽ അത് സംബന്ധിച്ച് അവർ ഹാജരാക്കിയിട്ടുള്ള ബിൽ കൂടി ഫയലിൽ ചേർക്കേണ്ടതാണ്.

<u>പച്ചക്കറി ഗ്രോബാഗ് വിതരണം(വനിത)(പ്രോജക്റ്റ് നമ്പർ 61)</u>

പദ്ധതി പ്രകാരം ഗ്രോബാഗ് വാങ്ങി നല്കിയതായാണ് കാണുന്നത്. ഓഡിറ്റ് വർഷം ബാധകമായിട്ടുള്ള തദ്ദേശസ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം(സ.ഉ. (കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018) ഗ്രോബാഗ് വിതരണത്തിന് മാത്രമായി പദ്ധതിയില്ല. പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (പോട്ടിംഗ് മിശ്രിതം നിറച്ചത്) എന്ന ഒരു പദ്ധതിയാണ് ഉള്ളത്. ഇത് പ്രകാരം ഗ്രോബാഗ് വാങ്ങിനല്കാമെങ്കിലും അവയിൽ പോട്ടിംഗ് മിശ്രിതം നിറച്ച്, ആവശ്യമായ നടീൽ വസ്തുക്കൾ, വിത്തുകൾ എന്നിവ നട്ട് കൃഷി പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ഒന്നും രേഖകൾ ഇല്ല. നടീൽ വസ്തുക്കൾ, തൈകൾ എന്നിവ വി.എഫ്.പി.സി.കെ. വഴി വാങ്ങാവുന്നതാണെന്നും പോട്ടിംഗ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെ ഉള്ള പ്രവൃത്തികൾ നടത്തിയ ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നല്കാവുന്നതാണെന്നും മാർഗ്ഗരേഖയിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി അതിന്റെ സമഗ്രമായ അർഥത്തിൽ നടപ്പാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>തരിശ് ഭൂമിയിൽ കൃഷിചെയ്യൽ(പ്രോജക്റ്റ് നമ്പർ 176)</u>

മാർഗ്ഗരേഖപ്രകാരം കർഷകനും ഭൂവുടമയും ചേർന്ന് നിർവ്വഹണോദ്യോഗസ്ഥനുമായി കരാറിലേർപ്പെടേണ്ടതാണ്. നടപ്പിലാക്കിയ പദ്ധതി പ്രകാരം രണ്ട് പേർക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. അതിൽ ഒന്നാമൻ ശ്രീ എം. പി. വർഗീസ് സ്വന്തം ഭൂമിയിലാണ് കൃഷി ചെയ്തിട്ടുള്ളത്. ഇതിൽ നിർവ്വഹണോദ്യഗസ്ഥനുമായി ചേർന്നുള്ള കരാർ ഇല്ല. രണ്ടാമത്തെയാൾ ശ്രീ ജോബി പത്രോസ് സ്ഥലമുടമയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യഗസ്ഥനുമായി കൂടി ചേർന്നുകൊണ്ടായിരുന്നു കരാർ ചമക്കേണ്ടിയിരുന്നത്. ആയത് ചെയ്തിട്ടില്ല. രണ്ട് സംഗതികളിലും മൂന്ന് വർഷത്തിലധികമായി തരിശുഭൂമിയായിരുന്നു എന്നതും തരിശുഭൂമിയിലെ ആദ്യ കൃഷിക്കാണ് ആനുകൂല്യം അനുവദിക്കുന്നതെന്നും നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആയത് ചെയ്തിട്ടില്ല. ഭാവിയിൽ സമാനമായ പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ മേൽ അപാകതകൾ കടന്നുകൂടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-19 അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല</u>

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. ഗുണനിലവാര സാക്ഷ്യപത്രം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 26.07.2021 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ന്യൂട്രിമിക്സ് സാംപിൾ സി ഡി പി ഒ-യിൽ നിന്ന് 23.03.2021 ൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നുമാണ് അറിയിച്ചത്. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാകാറില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട് നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി</u>

| | |
|---|---|
| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| പ്രോജക്ട് നം | SO138/21 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ജി എൽ പി എസ് |
| അടങ്കൽ | 62273/-(എസ് സി പി) |
| ചെലവ് | 62273/- |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 13/20-21 തീയതി 11.04.2020 |

ഈ പദ്ധതിയിൽ 13 വിദ്യാർത്ഥികൾക്ക് 4790/- രൂപ വീതം വിലയുള്ള മേശയും കസേരയും കീർത്തി മാർക്കറ്റിംഗ്, നീലീശ്വരം പി ഒ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയ ഫയലിൽ ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികൾ ഏത് സ്കൂളിൽ ഏത് ക്ലാസിൽ പഠിക്കുന്നുവെന്ന വിവരങ്ങളൊന്നും ലഭ്യമല്ല. സർക്കാർ ഉത്തരവ് (കൈ) നമ്പർ 22/2018 ത സ്വ ഭ വ തീയതി 14.02.2018 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം പഠനോപകരണങ്ങൾ നൽകേണ്ടത്. എന്നാൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 28.07.2021 ലെ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ വിദ്യാർത്ഥികളുടെ സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

## 1-21 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 4/21, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000/- (195538/-മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് 4462/- തനത് ഫണ്ട്) |
| ചെലവ് | 2,00,000/- |
| ബിൽ നമ്പർ/ ചെക്ക് നം. | 1/20-21 തീയതി 21.10.2020/- തുക 100000/-<br>2/20-21 തീയതി 25.02.2021 തുക 95538/-<br>ചെക്ക് നം. 50691 തീയതി 04.03.2021 തുക 4462/- |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 2,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും ആകെ 1,24,995/- രൂപയുടെ മരുന്ന് മാത്രമാണ് വിവിധ തീയതികളിലായി ലഭ്യമായിട്ടുള്ളത്. 75,005/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആരോഗ്യമേഖല നിരവധി പ്രതിസന്ധികൾ നേരിടുന്ന ഈ സമയത്ത് മരുന്നുകൾ സമയബന്ധിതമായി വിതരണം ചെയ്യാത്ത നടപടി സർക്കാർ പരിശോധിച്ച് ആവശ്യമായ പരിഹാരനടപടി നിർദ്ദേശിക്കുന്നത് ഉചിതമായിരിക്കും.

## 1-22 വെറ്ററനറി സർജൻ നടപ്പാക്കിയ പദ്ധതികൾ - പൂർത്തീകരണം സംബന്ധിച്ച തെളിവുകൾ ഫയലുകളിൽ ഉൾപ്പെടുത്തുന്നില്ല.

ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ള ആട്ടു വളർത്തൽ (വനിത) (പ്രോജക്റ്റ് നമ്പർ 58,) കാലിത്തൊഴുത്ത് നവീകരണം, വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും

(പ്രോജക്റ്റ് നമ്പർ 121 ) എന്നിവ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് ബാങ്ക് വഴി തുക കൈമാറിയതിന്റെ രേഖകൾ ഉണ്ടെങ്കിലും പദ്ധതി പൂർത്തീകരിക്കപ്പെട്ടു എന്ന് വെളിവാകുംവിധത്തിൽ ഫോട്ടോഗ്രാഫുകളോ മറ്റ് തെളിവുകളോ ഒന്നും തന്നെ ഫയലുകളിൽ ഉൾച്ചേർത്തിട്ടില്ല. ഭാവിയിൽ സമാനമായ പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ ഇത്തരം തെളിവുകൾ കൂടി ഫയലുകളിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

## ഭാഗം -2

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് നഷ്ടം 1350/ രൂപ

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു

1.ഗവ.ആയുർവ്വേദ ഡിസ്പെൻസറി

| ക്രമ. നം | പേര് | അർദ്ധ വാർഷിക വരുമാനം | അർദ്ധവർഷം | ഈടാക്കിയ നികുതി | ഈടാ ക്കേണ്ടത് | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| 1 | ശരണ്യദേവി. സി.എസ് | 35400 | 11 | 120 | 300 | 180 | 120010101175/ 25.08.2020 |
| ആകെ | | | | | | 180 | |

1. നാപ്കോ പ്ളാസ്റ്റിക് ഇൻഡസ്ട്രീസ്

| ക്രമ നം | പേര് | അർദ്ധർഷിക വരുമാനം | അർദ്ധർഷം | ഈടാക്കിയ നികുതി | ഈടാണ്ടത് | കുറവ് | രസീത് നം |
|---|---|---|---|---|---|---|---|
| 1 | അരവിന്ദൻ | 57000 | 1 | 180 | 450 | 270 | 120010101241/ 4.9.2020 |
| 2 | ഫൈസൽ | 48000 | 1 | 180 | 450 | 270 | „ |
| 3 | പ്രകാശൻ | 45000 | 1 | 180 | 450 | 270 | „ |
| 4 | ഫയാസ് | 42000 | 1 | 180 | 300 | 120 | „ |
| 5 | സെലീന | 36000 | 1 | 180 | 300 | 120 | „ |
| 6 | മേരി | 36000 | 1 | 180 | 300 | 120 | „ |
| | ആകെ | | | | | 1170 | |

കുറവ് വന്ന തുക 1350/-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

വാർഷിക കണക്കിലെ അപാകതകൾ ഖ.1-3 -ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ. നം | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2020-21 | 600000 | 106/21, 10ാം വാർഡ് 157ാം നമ്പർ മാതൃകാ അങ്കണവാടി നിർമ്മാണം | 0 | 600000 (2021-22 ൽ തുക ചെലവഴിച്ചു) |
| 2 | ജില്ലാ പഞ്ചായത്ത് | - | 212500 | S.O.121/21 നെൽകൃഷിയ്ക്ക് കൂലിച്ചെലവ് | 212500 | - |
| 3 | ജില്ലാ പഞ്ചായത്ത് | - | 255000 | S.O.32/21 നെൽകൃഷിയ്ക്ക് കൂലിച്ചെലവ് | 255000 | - |
| 4 | ജില്ലാ പഞ്ചായത്ത് | - | 318644 | S.O.8/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 318644 | - |
| 5 | ജില്ലാ | - | 305162 | S.O.268/21 ഭിന്നശേഷിയുള്ള | 305162 | - |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| 6 | ജില്ലാ പഞ്ചായത്ത് | - | 66000 | S.O.85/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 66000 | - |
| 7 | ജില്ലാ പഞ്ചായത്ത് | - | 109900 | S.O.140/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 109900 | - |
| 8 | ബ്ലോക്ക് പഞ്ചായത്ത് | - | 8,00,000 | 54/21 ലൈഫ് ഭവനപദ്ധതി (എസ്.സി) | 8,00,000 | - |
| 9 | ബ്ലോക്ക് പഞ്ചായത്ത് | - | 318556 | S.O.8/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 318556 | - |
| 10 | ബ്ലോക്ക് പഞ്ചായത്ത് | - | 10000 | S.O.150/21 ലൈഫ് ഭവനപദ്ധതി (എസ്.സി) | 10000 | - |

2019-20 വർഷത്തെ നീക്കിയിരിപ്പ് തുകയായ 705721/- രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 22,390/- രൂപയും തൻവർഷത്തെ തുകയിൽ ചെലവഴിക്കാതെ 6 ലക്ഷം രൂപയും ഉൾപ്പെടെ 31.03.2021 ലെ നീക്കിയിരിപ്പുതുക 6,22,390/- രൂപയാണ്. കണക്കിൽ അധികമായി നിലനിന്നിരുന്ന 1,70,000/- രൂപ വൗച്ചർ അഡ്ജസ്റ്റ്മെന്റിലൂടെ ക്രമീകരിച്ചിട്ടുണ്ട്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എസ്- 190/21, തെരുവ് വിളക്കുകളുടെ ലൈൻ എക്സ്റ്റൻഷൻ | 23/20-21 10.03.2021 | 58444 | 58444 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | സ ഉ (എം എസ്) 2278/18/ ത സ്വ ഭ വ 18.08.2018 | 5508912 | -5102941 | 453607 - | - | 4649334 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ 8500/-രൂപ ഈടാക്കിയത് വാർഷിക ധനകാര്യപത്രികയിൽ കുടിശ്ശിക വരവിനൊപ്പമാണ് ചേർത്തിട്ടുള്ളത്. ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ സ്ഥാപനം | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 1-12(2) | 3500 | വല്ലം ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 120010100081 തീയതി 30.04.2020 |
| 2018-19 | 1-12(2) | 2500 | വല്ലം ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 120010100086 തീയതി 02.05.2020 |
| 2018-19 | 1-12(3) | 2500 | ഒക്കൽ അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 120010500005 തീയതി 05.05.2020 |
| ആകെ | | 8500 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഒന്നും തന്നെ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71768695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73647470 |
| വരവിനങ്ങളിലുള്ള നഷ്ടം | 1350 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 180 | | ശ്രീമതി. ജിജി. ബി., അസി സ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) |
| 2-1 | 1170 | | ശ്രീമതി. ദീപാകുമാരി എം കെ, സെക്രട്ടറി |
| ആകെ | 1350 | - | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ദീപാകുമാരി എം.കെ, സെക്രട്ടറി | സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | കൊരുമ്പൂർ ഹൗസ്, ഐമുറി പി ഒ, കാവുംപുറം |
| ശ്രീമതി. ജിജി. ബി., അസി സ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | മുണ്ടക്കൽ (ഹൗസ്), അല്ലപ്ര പി.ഒ, ഓർക്കിഡ് നഗർ, പെരുമ്പാവൂർ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ എഫ് ഇ (പി2)/59/07 തീയതി:09.02.2007/17.04.2007 |
| 2001-02 | എൽ എഫ് ഇ (പി2) /60/07 തീയതി: 9.02.2007/02.07.2007 |
| 2002-03 | എൽ എഫ് ഇ (പി2)/133/10 തീയതി:23.12.2010/03.05.2011 |
| 2003-04 | എൽ എഫ് ഇ (പി2) /134/10 തീയതി:23.12.2010/03.05.2011 |
| 2004-05 | എൽ എഫ് ഇ (പി2) /135/10 തീയതി:23.12.2010/03.05.2011 |
| 2005-06 | എൽ എഫ് ഇ (പി2) /136/10/ തീയതി:23.12.2010/03.05.2011 |
| 2006-07 | എൽ എഫ് ഇ (പി2) /137/10 തീയതി:23.12.2010/03.05.2011 |
| 2007-08 | എൽ എഫ് ഇ (പി2) /943/11 തീയതി:09.03.2012/16.04.2012 |
| 2008-09 | എൽ എഫ് ഇ (പി2) 944/11 തീയതി:09.03.2012/16.04.2012 |
| 2009-10 | എൽ എഫ് ഇ (പി2) 1845/11 തീയതി:21.10.2011/10.11.2011 |
| 2010-11 | എൽ എഫ് ഇ (പി2)1846/11 തീയതി:21.10.2011/10.11.2011 |
| 2011-12 & 2012-13 | എൽ എഫ് ഇ (പി2) 1339/2014 തീയതി: 08.01.2015 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി2) 2023/2015 തീയതി: 08.01.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി2) 1989/2016 തീയതി: 07.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി2) 1922/2017 തീയതി: 22.11.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി2)121/2019 തീയതി: 06.02.2019 |
| 2018-19 | കെ.എസ്.എ.ഇകെഎം(പി.2)06/2020 തീയതി :24.01.2020 |
| 2019-20 | കെ.എസ്.എ.ഇകെഎം(പി.2)990/2021 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്